2026
JUNE
22
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# അത്യാധുനിക മൂന്ന് യുദ്ധക്കപ്പലുകൾ പ്രധാനമന്ത്രി കമ്മീഷൻ ചെയ്തു



**കൊൽക്കത്ത:** സമുദ്രക്കരുത്ത് വർധിപ്പിച്ചുകൊണ്ട് തദ്ദേശീയമായി രൂപകൽപ്പന ചെയ്ത മൂന്ന് അത്യാധുനിക യുദ്ധക്കപ്പലുകൾ പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തിന് സമർപ്പിച്ചു. കൊൽക്കത്തയിലെ ശ്യാമപ്രസാദ് മുഖർജി പോർട്ടിൽ നടന്ന ചടങ്ങിൽ ഐഎൻഎസ് ദുനാഗിരി, ഐഎൻഎസ് സംശോധക്, ഐഎൻഎസ് അഗ്രായ് എന്നീ കപ്പലുകളാണ് അദ്ദേഹം കമ്മീഷൻ ചെയ്തത്.

പശ്ചിമ ബംഗാൾ ഗവർണർ ആർ.എൻ. രവി, മുഖ്യമന്ത്രി സുവേന്ദു അധികാരി, ഇന്ത്യൻ നാവികസേനാ മേധാവി അഡ്മിറൽ കൃഷ്ണ സ്വാമിനാഥൻ തുടങ്ങിയവർ കമീഷനിങ് ചടങ്ങിൽ പങ്കെടുത്തു.

യുദ്ധം, സമുദ്ര സർവേ, സബ്മറൈൻ വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയിൽ നാവികസേനയുടെ കരുത്ത് ഗണ്യമായി വർധിപ്പിക്കാൻ ഈ കപ്പലുകൾക്ക് സാധിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഭാരതം കേവലം വാങ്ങുന്ന ഒരു രാജ്യം മാത്രമായി തുടരാനാവില്ല. നമ്മുടെ സായുധ സേന ലോകത്തിന്റെ ഒരു വിപണിയായി മാറാൻ പാടില്ല.

തദ്ദേശീയമായി നിർമ്മിച്ച മൂന്ന് കപ്പലുകൾ ഭാരതത്തിന്റെ വർധിച്ചുവരുന്ന ശക്തിയുടെയും കഴിവിന്റെയും പ്രതീകങ്ങളാണ്. ഭാരതം ഇനി ഒരു നിർമാതാവായി മാറാനാണ് ആഗ്രഹിക്കുന്നത്. നിർമാതാവാകുന്നതോടെ ആഗോളതലത്തിൽ തീരുമാനങ്ങൾ എടുക്കാൻ ശേഷിയുള്ള രാജ്യമായി ഭാരതം മാറുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കമീഷൻ ചെയ്യുന്നതിന് മുന്നോടിയായി ദുനാഗിരിയുടെ സവിശേഷതകളും മറ്റും യൂട്യൂബിൽ പങ്കുവെച്ച വിഡിയോയിൽ നാവികസേന വ്യക്തമാക്കിയിരുന്നു. ഭഅത്യാധുനിക ആയുധങ്ങളും സെൻസർ സംവിധാനങ്ങളും അടങ്ങിയതും, ദീർഘദൂര സമുദ്രയാത്രകൾക്കും തുടർച്ചയായ പ്രവർത്തനങ്ങൾക്കും അനുയോജ്യമായ രീതിയിൽ രൂപകൽപ്പന ചെയ്തതുമാണ് ദുനാഗിരി. തദ്ദേശീയ സ്റ്റെൽത്ത് സാങ്കേതികവിദ്യയോടെ നിർമിച്ച ഈ കപ്പൽ ബഹുമുഖ മേധാവിത്വത്തിനും മാരകമായ പ്രഹരശേഷിക്കും വേണ്ടിയുള്ളതാണ്. നാവികസേന കൂട്ടി ചേർത്തു. ബ്രഹ്മോസ് ഉപരിതല മിസൈലുകളും, മീഡിയം റേഞ്ച് ഉപരിതലവ്യോമ മിസൈൽ സംവിധാനങ്ങളും ഉൾപ്പെടെയുള്ള അത്യാധുനിക ആയുധങ്ങളും സെൻസറുകളും ദുനാഗിരിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇത് നാവികസേനയുടെ യുദ്ധശേഷി ഗണ്യമായി വർധിപ്പിക്കാൻ സഹായിക്കും.

ഭാരതത്തിന്റെ നാലാമത്തെ സർവേ വെസ്സൽ ആയ 'സൻശോധക്' തീരദേശആഴക്കടൽ ഹൈഡ്രോഗ്രാഫിക് സർവേകൾക്കായും പ്രതിരോധ സിവിൽ ആവശ്യങ്ങൾക്കായി സമുദ്രശാസ്ത്രഭൂഭൗതിക വിവരങ്ങൾ ശേഖരിക്കുന്നതിനും വേണ്ടിയാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഓട്ടോണമസ് അണ്ടർവാട്ടർ വെഹിക്കിളുകളും റിമോട്ട്ലി ഓപ്പറേറ്റഡ് വെഹിക്കിളുകളും ഉൾപ്പെടെയുള്ള അത്യാധുനിക സർവേ സംവിധാനങ്ങളും ഇതിലുണ്ട്.

അർണാല ക്ലാസിലെ നാലാമത്തെ ആൻറി സബ്മറൈൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റായ ആഗ്രായ്' ആഴം കുറഞ്ഞ തീരദേശ മേഖലകളിലെ അന്തർവാഹിനികൾ പ്രതിരോധിക്കുന്നതിനായി ഭാരം കുറഞ്ഞ ടോർപ്പിഡോകൾ, തദ്ദേശീയ റോക്കറ്റ് ലോഞ്ചറുകൾ, ഷാലോ വാട്ടർ സോണാർ സംവിധാനങ്ങൾ എന്നിവയാൽ സജ്ജമാണ്.

# ശബരിമലയിൽ തിരക്ക് നിയന്ത്രിക്കാൻ എഐ

**കൊച്ചി:** ശബരിമലയിലെ തീർഥാടക തിരക്ക് നിയന്ത്രിക്കാൻ നിർമിത ബുദ്ധി (എഐ) അധിഷ്ഠിത സംവിധാനം ഇത്തവണത്തെ മണ്ഡലമകരവിളക്ക് കാലത്ത് തന്നെ ഏർപ്പെടുത്താനൊരുങ്ങി ദേവസ്വം ബോർഡ്. പരമ്പരാഗത രീതികൾക്ക് പകരം കൃത്യമായ ഡാറ്റയും സാങ്കേതികവിദ്യയും പ്രയോജനപ്പെടുത്തി മുൻകൂട്ടി കാര്യങ്ങൾ പ്രവചിക്കുന്ന രീതിയിലുള്ള സുരക്ഷാനിയന്ത്രണ സംവിധാനങ്ങളാണ് വരാൻ പോകുന്നതെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് കെ.ജയകുമാർ പറഞ്ഞു. തിരക്ക് നിയന്ത്രിക്കുന്നതിന് എഐ സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിൽ പ്രഗത്ഭരായ മൂന്ന് കമ്പനികൾ തങ്ങളുടെ പ്രസന്റേഷൻ കൊച്ചിയിൽ നടന്ന യോഗത്തിൽ ദേവസ്വം ബോർഡ്, പൊലീസ് ഉദ്യോഗസ്ഥർക്കു മുമ്പാകെ അവതരിപ്പിച്ചു.

നവംബർ പകുതിയോടെ ആരംഭിക്കുന്ന ശബരിമല മണ്ഡലകാലത്തിന് ഇനി വെറും 150 ദിവസം മാത്രമാണ് ബാക്കിയുള്ളത് എന്നതിനാൽ നടപടിക്രമങ്ങൾ വേഗത്തിലാക്കാനാണ് യോഗത്തിലെ തീരുമാനം. പൊലീസുമായി ഒരുവട്ടം കൂടി ചർച്ച നടത്തി ആവശ്യങ്ങൾ കൃത്യമായി തീരുമാനിച്ച ശേഷം ഉടൻ തന്നെ റികൂസ്റ്റ് ഫോർ പ്രൊപ്പോസലും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റും ക്ഷണിക്കും. തുടർന്ന് കമ്പനികളുടെ സാമ്പത്തിക, സാങ്കേതിക ശേഷി വിലയിരുത്തി ഒരു വിദഗ്ധ സമിതി ഓഗസ്റ്റ് പത്തോടെ തിരഞ്ഞെടുക്കപ്പെടുന്ന കമ്പനിയെ ജോലി ഏൽപ്പിക്കുകയാണ് ചെയ്യുക.

90 മുതൽ 100 ദിവസത്തിനുള്ളിൽ ക്യാമറകളും സാങ്കേതികവിദ്യകളും ഉൾപ്പെടെ പ്രവർത്തനക്ഷമമാക്കാനാണ് ദേവസ്വം ബോർഡിന്റെയും പൊലീസിന്റെയും ആലോചന. വെർച്വൽ ക്യൂ സംവിധാനവും ഇതിനൊപ്പം ബന്ധിപ്പിക്കും.

തീർത്ഥാടകരെ മണിക്കൂറുകളോളം ക്യൂ നിർത്തുന്ന ബുദ്ധിമുട്ട് ഒഴിവാക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യമെന്ന് കെ.ജയകുമാർ വ്യക്തമാക്കി."നിലയ്ക്കലിൽ എത്രപേരുണ്ട്, പമ്പയിൽ എത്രപേരുണ്ട് എന്ന് തത്സമയം നിരീക്ഷിച്ചുകൊണ്ട് കൃത്യമായ വിവരങ്ങൾ ഭക്തർക്ക് കൈമാറും.

സുരക്ഷ ഉറപ്പാക്കാൻ വാട്ടർ ടാങ്കുകൾ, കുടിവെള്ള സ്രോതസ്സുകൾ തുടങ്ങിയ പ്രധാന സ്ഥലങ്ങളിൽ 24 മണിക്കൂറും എഐ ക്യാമറകളുടെയും ഡ്രോണുകളുടെയും നിരീക്ഷണം ഉണ്ടാകും. ഏതെങ്കിലും റൂട്ടിൽ പൈപ്പ് പൊട്ടലോ, ചെറിയ അപകടങ്ങളോ, ആർക്കെങ്കിലും ആരോഗ്യപ്രശ്നങ്ങളോ ഉണ്ടായാൽ അത് മണിക്കൂറുകൾ വൈകി മാത്രം അറിയുന്ന രീതി മാറി, ഉടനടി തന്നെ ശരിയാക്കാനും ആംബുലൻസ് അടക്കമുള്ള സഹായങ്ങൾ എത്തിക്കാനും ഈ സംവിധാനം വഴി സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു

# മുല്ലപ്പെരിയാറിൽ കേരളത്തിന് തിരിച്ചടി: വിദഗ്ധ സമിതിയിൽനിന്ന് കേരളത്തിന്റെ പ്രതിനിധിയെ ഒഴിവാക്കി

**ന്യൂഡൽഹി:** മുല്ലപ്പെരിയാർ അണക്കെട്ട് വിഷയത്തിൽ കേരളത്തിന് അപ്രതീക്ഷിത തിരിച്ചടി. അണക്കെട്ട് വിദഗ്ധ സമിതിയിൽനിന്ന് കേരളത്തിന്റെ പ്രതിനിധിയെ മാറ്റി. സി.ഡബ്ല്യു.സി. മുൻ ചീഫ് എൻജിനീയർ ടി.കെ.ശിവരാജനായിരുന്നു കേരളത്തിന്റെ പ്രതിനിധി. 2021ലെ ഡാം സുരക്ഷാ നിയമ പ്രകാരം അണക്കെട്ടിന്റെ സമഗ്ര സുരക്ഷാ പരിശോധനയ്ക്കായി രൂപീകരിച്ച വിദഗ്ധരുടെ സ്വതന്ത്ര സമിതിയെയാണ് ഏകപക്ഷീയമായി പുനഃസംഘടിപ്പിച്ചത്.



വ്യക്തിപരമായ കാരണങ്ങൾ ലഭ്യമല്ലാത്തതിനാൽ ടി.കെ.ശിവരാജനെ മാറ്റുന്നു എന്നാണ് ദേശീയ ഡാം സുരക്ഷാ അതോറിറ്റി ഡയറക്ടർ എൻ.ശ്രീനിവാസ റാവു ഒപ്പുവച്ച ജൂൺ 16ലെ ഉത്തരവിൽ പറയുന്നത്. ശിവരാജനു പകരം ഇന്റർനാഷണൽ സെന്റർ ഫോർ എക്സലൻസ് ഫോർ ഡാംസ് മേധാവിയും ഐഐടി റൂർക്കി ഭൂകമ്പ എൻജിനിയറിങ് വിഭാഗം പ്രഫസറുമായ എം.എൽ.ശർമയെ സമിതിയിൽ ഉൾപ്പെടുത്തി. ബൽരാജ് ജോഷിയാണ് സമിതി ചെയർമാൻ. ഗോപാൽ ധവാൻ, ഗുൽഷൻ രാജ്, എൻ.ശിവകുമാർ എന്നിവരാണ് മറ്റ് അംഗങ്ങൾ.






## എം.ജി സർവകലാശാല

# പി.ജി / ബി.എഡ് ക്യാപ് : ഒന്നാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു; ജൂൺ 24 വരെ പ്രവേശനം നേടാം

**കോട്ടയം:** മഹാത്മാഗാന്ധി സർവ്വകലാശാലയുടെ 2026-27 അധ്യയന വർഷത്തെ ബിരുദാനന്തര ബിരുദ, ബി.എഡ്. കോഴ്സുകളിലേക്കുള്ള ഏകജാലക പ്രവേശനത്തിന്റെ ഒന്നാം അലോട്ട്മെൻ് പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് തങ്ങളുടെ അപേക്ഷാ നമ്പറും പാസ്‌വേഡും ഉപയോഗിച്ച് cap.mgu.ac.in എന്ന സൈറ്റിൽ ലോഗിൻ ചെയ്ത് അലോട്ട്മെൻറ് വിവരങ്ങൾ പരിശോധിക്കാവുന്നതാണ്.

ലോഗിൻ ചെയ്ത ശേഷം ഏതെങ്കിലും കോളേജ് നിങ്ങളുടെ ഓപ്ഷനുകൾക്കു നേരെ വില്ലിങ്നെസ് രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് നിരന്തരം പരിശോധിക്കേണ്ടതാണ്. ലഭിച്ച ഓപ്ഷൻ നിങ്ങൾക്ക് ഏറ്റവും അനുയോജ്യമാണെന്ന് ഉറപ്പാണെങ്കിൽ മാത്രം അക്സപ്റ്റൻസ് രേഖപ്പെടുത്തുക. താൽപ്പര്യമില്ലാത്ത കോളേജോ കോഴ്സോ ആണ് ലഭിക്കുന്നതെങ്കിൽ അക്സപ്റ്റൻസ് രേഖപ്പെടുത്തേണ്ടതില്ല. ഇങ്ങനെയുള്ളവർക്ക് മറ്റു കോളേജുകളിൽ നിന്നുള്ള വില്ലിങ്നെസിനായി കാത്തിരിക്കാവുന്നതാണ്. കൂടാതെ, ജൂൺ 26ന് ആരംഭിക്കുന്ന രണ്ടാം അലോട്ട്മെൻറിലും ഇവർക്ക് പങ്കെടുക്കാം.

അക്സപ്റ്റൻസ് രേഖപ്പെടുത്തിയ ശേഷം വിദ്യാർത്ഥികൾ സർവകലാശാല ഫീസ് അടയ്ക്കുകയും, തുടർന്ന് അലോട്ട്മെൻറ് മെമ്മോ ഡൗൺലോഡ് ചെയ്ത് ജൂൺ 24 നുള്ളിൽ ബന്ധപ്പെട്ട കോളേജിൽ അഡ്മിഷൻ നേടേണ്ടതുമാണ്. സർവകലാശാലാ ഫീസ് അടച്ച് അലോട്ട്മെൻറ് മെമ്മോ ഡൗൺലോഡ് ചെയ്തുകഴിഞ്ഞാൽ അക്സപ്റ്റൻസ് റദ്ദാക്കാനോ മാറ്റാനോ സാധിക്കുകയില്ല.

അബദ്ധത്തിൽ അക്സപ്റ്റൻസ് രേഖപ്പെടുത്തിയാൽ സർവകലാശാലാ ഫീസ് അടയ്ക്കാതിരിക്കാൻ ശ്രദ്ധിക്കുക. തുടർന്ന് ബന്ധപ്പെട്ട കോളേജിന് ഇമെയിൽ അയച്ച് അത് നിരസിക്കാൻ (റിജക്ട്) അഭ്യർത്ഥിക്കേണ്ടതാണ്. കോളേജ് അധികൃതർ നിങ്ങളുടെ അക്സപ്റ്റൻസ് നിരസിക്കുന്നതോടെ മറ്റു ഓപ്ഷനുകൾ നിങ്ങളുടെ പ്രൊഫൈലിൽ തിരിച്ചുവരും.

നിലവിൽ പ്രവേശനം നേടിയവർക്കും, പ്രവേശനം ലഭിക്കാത്തവർക്കും, പുതുതായി രജിസ്റ്റർ ചെയ്യുന്നവർക്കും ജൂൺ 26ന് ആരംഭിക്കുന്ന രണ്ടാം അലോട്ട്മെൻറിൽ പങ്കെടുക്കാവുന്നതാണ്.

### സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ 2026-28 അധ്യയന വർഷം മാസ്റ്റർ ഓഫ് ടൂറിസം ആൻറ് ട്രാവൽ മാനേജ്മെൻറ് (എം.ടി.ടി.എം.) പ്രോഗ്രാമിൽ ഒഴിവുള്ള ഏതാനും എസ്.സി., എസ്.ടി. സംവരണ സീറ്റുകളിലേക്ക് ജൂൺ 22ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

CAT പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ള വിദ്യാർത്ഥികൾ അസ്സൽ, ജാതി, വരുമാന സർട്ടിഫിക്കറ്റുകളുമായി അന്നേ ദിവസം ഉച്ചയ്ക്ക് 1 മണിക്കുള്ളിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ക്യാമ്പസ്സിലുള്ള സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ എത്തിച്ചേരുക. എൻഎസ്എസ്, എൻസിസി, വിമുക്തഭടൻമാരുടെ ആശ്രിതർ എന്നീ വെയിറ്റേജ് ഉള്ളവർക്ക് നിയമാനുസൃത മാർക്കിന് അർഹതയുണ്ട്. മെറിറ്റ് അടിസ്ഥാനത്തിൽ ആയിരിക്കും പ്രവേശനം. ഫോൺ 0481 2733374, 9496322062. ഇമെയിൽ:sts@mgu.ac.in

### വൈവ വോസി

അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ എംഎസ് സി ഫിഷറി ബയോളജി ആൻറ് അക്വാകൾച്ചർ (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026ന്റെ പ്രൊജക്റ്റ് ഇവാലുവേഷൻ/ വൈവ വോസി പരീക്ഷകൾ ജൂൺ 27 മുതൽ പത്തനംതിട്ട STAS കോളേജിൽ നടക്കും.

നാലാം സെമസ്റ്റർ എംഎ ഇംഗ്ലീഷ് (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 ന്റെ വൈവ വോസി പരീക്ഷകൾ ജൂൺ 29, 30 തീയതികളിലായി നടക്കും.

നാലാം സെമസ്റ്റർ ഓപ്പറേഷൻസ് റിസർച്ച് ആൻറ് കമ്പ്യൂട്ടർ അപ്ലിക്കേഷൻസ് (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 ന്റെ പ്രൊജക്റ്റ്, വൈവ വോസി പരീക്ഷകൾ ജൂൺ 24ന് എംഇഎസ് കോളേജ് നെടുങ്കണ്ടത്തിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ എംഎസ് സി ഹോം സയൻസ് (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 ന്റെ പ്രൊജക്റ്റ് ഇവാലുവേഷൻ, വൈവ വോസി, പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 26 മുതൽനടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ എംഎ അറബിക് പ്രൈവറ്റ് രജിസ്ട്രേഷൻ (പുതിയ സ്കീം2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 ന്റെ പ്രാക്ടിക്കൽ, വൈവ വോസി പരീക്ഷകൾ ജൂൺ 23 മുതൽനടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.



ചാവറ കൾച്ചറൽ സെന്ററിന്റെ നേതൃത്വത്തിൽ എറണാകുളം ശ്രീ രുദ്ര വിലാസം യു.പി.സ്കൂളിൽ സംഘടിപ്പിച്ച ദേശീയ വായനാദിനം എറണാകുളം കരയോഗം ജനറൽ സെക്രട്ടറി പി.രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. അനിൽ കെ നായർ, ചാവറ കൾച്ചറൽ സെന്റർ ഫിനാൻസ് അഡ്മിനിസ്ട്രേറ്ററും അസി,ഡയറക്ടറുമായ ഫാ. എമിൽ പുള്ളിക്കാട്ടിൽ സി.എം.ഐ, കെ.ജനാർദ്ദനൻ അധ്യാപികമാരായ രഞ്ജിനി ആർ, ശ്രീന എന്നിവർ സമീപം.

# നല്ല പുസ്തകങ്ങൾ ഏറ്റവും നല്ല സുഹൃത്ത്: പി രാമചന്ദ്രൻ

**കൊച്ചി:** നല്ല പുസ്തകങ്ങളാണ് ഏറ്റവും നല്ല സുഹൃത്ത് എന്നും വായനയാണ് സൗഹൃദം സൃഷ്ടിക്കാൻ എളുപ്പമെന്നും എറണാകുളം കരയോഗം ജനറൽ സെക്രട്ടറി പി.രാമചന്ദ്രൻ അഭിപ്രായപ്പെട്ടു. ചാവറ കൾച്ചറൽ സെന്ററിന്റെ നേതൃത്വത്തിൽ എറണാകുളം ശ്രീ രുദ്ര വിലാസം യു.പി.സ്കൂളിൽ സംഘടിപ്പിച്ച ദേശീയ വായനാദിനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ചാവറ കൾച്ചറൽ സെന്റർ ഫിനാൻസ് അഡ്മിനിസ്ട്രേറ്ററും അസി,ഡയറക്ടറുമായ ഫാ. എമിൽ പുള്ളിക്കാട്ടിൽ സി.എം.ഐ. വായനാദിന സന്ദേശം നൽകി. ജീവിതത്തിലെ ഏറ്റവും വലിയ നിക്ഷേപം അറിവാണ്, അത് നേടിയെടുക്കേണ്ടത് വായനയിലൂടെയാണെന്ന് ഫാ. എമിൽ പുള്ളിക്കാട്ടിൽ പറഞ്ഞു. സ്കൂൾ മാനേജ്മെന്റ് സെക്രട്ടറി കെ.ജനാർദ്ദനൻ അധ്യക്ഷത വഹിച്ചു. എറണാകുളം കരയോഗം ട്രഷറർ അനിൽകെ നായർ അധ്യാപികമാരായ രഞ്ജിനി ആർ, ഹരിത, ശ്രീന എന്നിവർ പ്രസംഗിച്ചു. ഇന്ത്യയിലെ ഒട്ടേറെ സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ പഠിക്കുന്ന കൊച്ചിയിലെ പ്രധാന വിദ്യാലയമാണ് ശ്രീ രുദ്രവിലാസം സ്കൂൾ. മലയാളം, ഹിന്ദി, ഇംഗ്ലീഷ് ഭാഷകളിലായി വായന മത്സരവും, ക്വിസ്സ്, കവിതാപാരായണം മത്സരങ്ങൾ നടത്തി. വിജയികൾക്ക് ഫാ. എമിൽ പുള്ളിക്കാട്ടിൽ, കെ.ജനാർദ്ദനൻ എന്നിവർ സമ്മാനങ്ങൾ വിതരണം ചെയ്തു. വിദ്യാർത്ഥികൾ വായനയുടെ പ്രാധാന്യത്തെ അധികരിച്ചു സ്കിറ്റ് അവതരിപ്പിച്ചു.

# ഇന്ത്യയിലെ മികച്ച പാസ്പോർട്ട് ഓഫീസ് അവാർഡ് കൊച്ചിയിലെ റീജിയണൽ പാസ്പോർട്ട് ഓഫീസ് നേടി

**കൊച്ചി:** വിദേശകാര്യ മന്ത്രാലയം ഏർപ്പെടുത്തിയ പാസ്പോർട്ട് സേവാ പുരസ്കാരത്തിന് കീഴിൽ 2025-26 വർഷത്തിൽ കൊച്ചിയിലെ റീജിയണൽ പാസ്പോർട്ട് ഓഫീസ് (ആർപിഒ) ഇന്ത്യയിലെ മികച്ച പാസ്പോർട്ട് ഓഫീസ് ആയി തിരഞ്ഞെടുക്കപ്പെട്ടു.

ന്യൂഡൽഹിയിൽ നടന്ന പാസ്പോർട്ട് സേവാ ദിവസ് ആഘോഷങ്ങളിലും റീജിയണൽ പാസ്പോർട്ട് ഓഫീസർമാരുടെ സമ്മേളനത്തിലും വിദേശകാര്യ മന്ത്രി ഡോ. സുബ്രഹ്മണ്യം ജയ്ശങ്കർ ദിപിൻ പി.ആർ. ഐ.എഫ്.എസ്.എൽ കൊച്ചിയിലെ റീജിയണൽ പാസ്പോർട്ട് ഓഫീസർക്ക് അവാർഡ് സമ്മാനിച്ചു.




പാസ്പോർട്ട് ഓഫീസുകളുടെ കാര്യക്ഷമത വിലയിരുത്തുന്നതിന് ഉപയോഗിക്കുന്ന മിക്കവാറും എല്ലാ പ്രധാന പ്രകടന മാനദണ്ഡങ്ങളിലും കൊച്ചിയിലെ ആർപിഒ മികവ് പുലർത്തി. അപ്പോയിന്റ്മെന്റ് ലഭ്യത, പാസ്പോർട്ട് അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിന് എടുക്കുന്ന സമയം, പരാതി പരിഹാരം, പാസ്പോർട്ട് ഇഷ്യൂവിന്റെ വേഗത, ജീവനക്കാരുടെ ഉൽപ്പാദനക്ഷമത, പെൻഡൻസി മാനേജ്മെന്റ്, പാസ്പോർട്ട് സേവാ കേന്ദ്രങ്ങളിൽ നിന്നുള്ള ഫയൽ വർദ്ധനവ് കുറയ്ക്കൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

2025-26 കാലയളവിലെ പാസ്പോർട്ട് പരിശോധനാ പ്രകടനത്തെ അടിസ്ഥാനമാക്കി സംസ്ഥാന പോലീസിനുള്ള സ്ഥാപന പ്രകടന അവാർഡ് കേരള പോലീസിന് ലഭിച്ചു എന്നതാണ് മറ്റൊരു പ്രധാന നേട്ടം. കേരള പോലീസിന് വേണ്ടി കേരള ഡയറക്ടർ ജനറൽ റവാഡ എ ചന്ദ്രശേഖർ ഐപിഎസ് ആണ് അവാർഡ് സ്വീകരിച്ചത്.

വ്യക്തിഗത പ്രകടന വിഭാഗങ്ങളിൽ കൊച്ചിൻ ആർപിഒ സുജാനി കെ. മികച്ച വെരിഫിക്കേഷൻ ഓഫീസറായി തിരഞ്ഞെടുക്കപ്പെട്ടു, കൊച്ചിൻ ആർപിഒയുടെ അധികാരപരിധിയിലുള്ള തൃശ്ശൂരിലെ പാസ്പോർട്ട് സേവാ കേന്ദ്രത്തിലെ കസ്റ്റമർ സർവീസ് മാനേജർ കെ. ദിലീപ് മികച്ച കസ്റ്റമർ സർവീസ് മാനേജർ (സിഎസ്എം)ക്കുള്ള അവാർഡ് നേടി.



അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജിൽ നടന്ന കെ ടി യു എഡ്യൂക്കേഷണൽ കോൺക്ലേവ് സോർ 26 ഫിസാറ്റ് ചെയർമാൻ പി ആർ ഷിമിത്ത് ഉദ്ഘാടനം ചെയുന്നു. സിനോ വർഗീസ്, ഡോ. ദീപ മേരി മാത്യൂസ്, കെ കെ അജിത്കുമാർ, ഡീൻ ഡോ. ജി. ഉണ്ണികർത്ത ബിജോയ് വർഗീസ് തുടങ്ങിയവർ സമീപം.

## കെ ടി യു ഉപരിപഠന സാദ്ധ്യതകൾ സോർ 26 അങ്കമാലി ഫിസാറ്റിൽ നടന്നു

**അങ്കമാലി:** ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം എ പി ജെ അബ്ദുൽ കലാം സാങ്കേതിക സർവകലാശാലയുടെ നേതൃത്വത്തിൽ ഒരുക്കിയ സോർ 26 നു ഫിസാറ്റിൽ തുടക്കമായി. ഉന്നത വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾ നാട് വിട്ടു പോകുന്ന വേളയിൽ നാട്ടിൽ തന്നെ ഉള്ള ഉപരി പഠന സാധ്യതകളും വിവിധ തൊഴിൽ അവസരങ്ങളും വരുമാനവും നേടുന്നതിന് തെരഞ്ഞെടുക്കേണ്ട കോഴ്‌സുകൾ, കോളേജുകളുടെ തിരഞ്ഞെടുപ്പ്, തുടങ്ങി ഓരോ വിദ്യാർത്ഥിയും അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെ കുറിച്ച് വ്യക്തമായ ദിശാബോധം നൽകുന്ന സോർ 26 എഡ്യൂക്കേഷണൽ കോൺക്ലേവ് അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജിൽ ഫിസാറ്റ് ചെയർമാൻ പി ആർ ഷിമിത്ത് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പ്രിൻസിപ്പൽ ഡോ ജേക്കബ് തോമസ് അധ്യക്ഷത വഹിച്ചു. ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട സ്‌കൂളുകളിൽ നിന്ന് മുന്നൂറിലേറെ വിദ്യാർത്ഥികൾ പരിപാടിയുടെ ഭാഗമായി. കേരളത്തിലെ പത്തോളം എൻജിനിയറിങ് കോളേജിൽ നിന്നുള്ള അദ്ധ്യാപകരും അവരുടെ സ്റ്റാളുകളും പരിപാടിയുടെ ഭാഗമായിരുന്നു. വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും ഉന്നയിച്ച നിരവധി സംശയങ്ങൾക്ക് സെമിനാറിന് നേതൃത്വം നൽകിയ ഡോ ബിജോയ് വർഗീസ് മറുപടി നൽകി ഉപരി പഠന സാധ്യതകളെ കുറിച്ച് വിവിധ സെഷനുകൾ നടന്നു .ചടങ്ങിൽ വിദ്യാർഥികൾക്കു കോളേജ് പ്രതിനിധികളുമായി നേരിട്ട് സംവദിക്കുന്നതിനുള്ള അവസരവും ഒരുക്കിയിരുന്നു. ചടങ്ങിൽ മാനേജിങ് കമ്മിറ്റി മെമ്പർ കെ. കെ. അജിത്കുമാർ, ഡീൻ ഡോ. ജി. ഉണ്ണികർത്ത, ഡോ. ദീപ മേരി മാത്യൂസ്, സിനോ വർഗീസ്, തുടങ്ങിയവർ പങ്കെടുത്തു




## ഫാദേഴ്സ് ഡേ 2026: ആഘോഷിച്ചു

**കൊച്ചി:** ചിൻമയ വിദ്യാലയ വടുതലയിൽ ഫാദേഴ്‌സ് ഡേ 2026 സ്കൂൾ ഓഡിറ്റോറിയത്തിൽ ആവേശത്തോടെയും സ്നേഹോഷ്മളതയോടെയും ആഘോഷിച്ചു.

പരിപാടിയുടെ മുഖ്യാതിഥിയായ തൃപ്പൂണിത്തുറ നിയോജക മണ്ഡലം എം.എൽ.എയും എട്ടാം ക്ലാസ് വിദ്യാർത്ഥിനിയായ ആത്മിക ദീപകിന്റെ പിതാവുമായ ദീപക് ജോയ്, കുടുംബബന്ധങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും കുട്ടികളുടെ വളർച്ചയിലും പുരോഗതിയിലും മാതാപിതാക്കൾ വഹിക്കുന്ന നിർണായക പങ്കിനെക്കുറിച്ചും പ്രചോദനാത്മകമായ ആശയങ്ങൾ പങ്കുവെച്ചു.

പ്രിൻസിപ്പൽ മിനി കെ. സദസിനെ അഭിസംബോധന ചെയ്ത് കുട്ടികളുടെ ജീവിതത്തിൽ പിതാക്കന്മാർ മാതൃകകളും വഴികാട്ടികളും കരുത്തിന്റെ ഉറവിടങ്ങളുമാണെന്ന് ഊന്നിപ്പറഞ്ഞു.

ഫാദേഴ്‌സ് ഡേ ഗാനാലാപനം, നൃത്തപരിപാടികൾ, രസകരമായ ഗെയിമുകൾ, പിതാക്കന്മാർക്കായി സമർപ്പിച്ച പ്രത്യേക വീഡിയോ പ്രദർശനം, മാതാപിതാക്കളുടെ പ്രത്യേക അവതരണം എന്നിവ ഉൾപ്പെടെ വൈവിധ്യമാർന്ന കലാപരിപാടികൾ ആഘോഷത്തിന് മാറ്റുകൂട്ടി. ഇവയെല്ലാം സദസിന് സന്തോഷവും അവിസ്മരണീയമായ അനുഭവങ്ങളും സമ്മാനിച്ചു.

വൈസ് പ്രിൻസിപ്പൽമാരായ നീതുലക്ഷ്മി എ. മേനോൻ, ചിത്ര ശ്രീകുമാർ, അസിസ്റ്റന്റ് വൈസ് പ്രിൻസിപ്പൽ പി ഇന്ദുമതി, പ്രൈമറി ഹെഡ്മിസ്ട്രസ്പി പ്രസന്ന എന്നിവർ ചടങ്ങിൽ പങ്കെടുത്തു.




കെ.വി.വി.ഇ.എസ് എറണാകുളം ജില്ലാ കമ്മിറ്റിയുടെ 202426 വർഷത്തെ അവസാന കൗൺസിൽ യോഗം പാലാരിവട്ടം എസ്.എൻ.ഡി.പി.യോഗം ഹാളിൽ ജില്ലാ പ്രസിഡന്റ് ഉദ്ഘാടനം ചെയ്യുന്നു. സി.എസ്.അജ്മൽ, എം.സി.പോൾസൺ, ഡിലൈറ്റ് പോൾ എന്നിവർ സമീപം.

# കെ.വി.വി.ഇ.എസ് എറണാകുളം ജില്ലാ കമ്മിറ്റി തിരഞ്ഞെടുപ്പ് ജൂൺ 30ന്

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം ജില്ലാ കമ്മിറ്റിയുടെ 2026 - 2028 വർഷത്തേയ്ക്കുള്ള ഭാരവാഹി തിരഞ്ഞെടുപ്പ് ജൂൺ 30ന് എറണാകുളം ടൗൺ ഹാളിൽ നടക്കുമെന്ന് ജില്ലാ ഭാരവാഹികൾ അറിയിച്ചു.

ജില്ലാ തിരഞ്ഞെടുപ്പിന് മുന്നോടിയായി പാലാരിവട്ടം എസ്എൻഡിപി യോഗം ഹാളിൽ നടന്ന 2024-26 വർഷത്തെ അവസാനത്തെ ജില്ലാ കൗൺസിൽ യോഗം ജില്ലാ പ്രസിഡന്റ് പി. സി.ജേക്കബ് ഉദ്ഘാടനം ചെയ്തു. ജില്ലാ വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്ത്, ജനറൽ സെക്രട്ടറി സി.എസ്.രാമചന്ദ്രൻ, ട്രഷറർ സി.എസ്.അജ്മൽ, വൈസ് പ്രസിഡന്റുമാരായ എം.സി. പോൾസൺ, ഡിലൈറ്റ് പോൾ എന്നിവർ പ്രസംഗിച്ചു. 2024-26 വർഷത്തെ വരവ് ചിലവ് കണക്കും യോഗം അംഗീകരിച്ചു. ജില്ലാ തിരഞ്ഞെടുപ്പ് യോഗം സംസ്ഥാന പ്രസിഡന്റ് രാജു അപ്സര ഉദ്ഘാടനം ചെയ്യുമെന്നും, വരണാധികാരിയായി തിരുവനന്തപുരം ജില്ലാ വർക്കിംഗ് പ്രസിഡന്റ് വൈ.വിജയനെ സംസ്ഥാന കമ്മിറ്റി നിയമിച്ചതായും ഭാരവാഹികൾ വാർത്താകുറിപ്പിലൂടെ അറിയിച്ചു.

# എറണാകുളം നിയോജകമണ്ഡലത്തിന് മികച്ച പരിഗണന; മൂന്ന് പ്രധാന വികസന പദ്ധതികൾക്ക് തുക അനുവദിച്ചു

**കൊച്ചി:** എറണാകുളം നിയോജക മണ്ഡലത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് മികച്ച പരിഗണന ലഭിച്ചതായി ടി.ജെ. വിനോദ് എം.എൽ.എ അറിയിച്ചു. 2026-27 ബജറ്റ് പ്രവൃത്തികളുടെ ഭാഗമായി മണ്ഡലത്തിലെ പ്രധാനപ്പെട്ട മൂന്ന് വികസന പദ്ധതികൾക്ക് തുക അനുവദിച്ചതായും അദ്ദേഹം പറഞ്ഞു.




നഗരത്തിലെ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, റോഡുകളുടെ നിലവാരം ഉയർത്തുന്നതിനും, ഭാവിയിലെ വികസന ആവശ്യങ്ങൾ പരിഗണിച്ചുമാണ് പദ്ധതികൾക്ക് അനുമതി ലഭിച്ചിരിക്കുന്നത്.

മാധവ ഫാർമസി ജംഗ്ഷൻ മുതൽ തേവര ജംഗ്ഷൻ വരെയുള്ള എം.ജി റോഡ് വികസനം

എറണാകുളം നഗരത്തിലെ ഏറ്റവും തിരക്കേറിയ പ്രധാന പാതകളിലൊന്നായ മാധവ ഫാർമസി ജംഗ്ഷൻ മുതൽ തേവര ജംഗ്ഷൻ (എം.ജി റോഡ്) വരെയുള്ള റോഡ് വികസന പ്രവൃത്തികൾക്ക് തുക അനുവദിച്ചു.

നഗരത്തിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനും റോഡിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനും, ഫുട്പാത്ത്, ഡ്രെയിനേജ് സംവിധാനങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനും ഈ പദ്ധതി സഹായകരമാകും.

വടുതല, ചിറ്റൂർ മേഖലകളിലെ യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ദീർഘകാലമായി ഉയർന്നുവന്നിരുന്ന ആവശ്യമായ വടുതല-ചിറ്റൂർ റോഡ് നവീകരണ പ്രവൃത്തിക്ക് തുക അനുവദിച്ചു.

പ്രദേശവാസികൾക്കും വിദ്യാർത്ഥികൾക്കും വ്യാപാര മേഖലയ്ക്കും ഏറെ പ്രയോജനപ്പെടുന്ന ഈ പദ്ധതി ഗതാഗത സൗകര്യം കൂടുതൽ സുഗമമാക്കും.

വർഷങ്ങളായുള്ള ജനങ്ങളുടെ ആവശ്യമായ ഗോശ്രീ-മാമംഗലം റോഡ് വികസന പദ്ധതിക്ക് പരിഗണന ലഭിച്ചത് ഏറെ പ്രാധാന്യമുള്ളതാണെന്ന് ടി.ജെ. വിനോദ് എം.എൽ.എ പറഞ്ഞു.നഗരത്തിലെ ഗതാഗത തിരക്ക് വലിയൊരു പരിധിവരെ കുറയ്ക്കാൻ സാധ്യതയുള്ള പ്രധാന പദ്ധതിയാണിത്. പദ്ധതി യാഥാർഥ്യമാകുന്നതോടെ ഗോശ്രീ ദ്വീപുകളിൽ നിന്നും വടുതല പച്ചാളം ചിറ്റൂർ ചേരാനല്ലൂർ പ്രദേശങ്ങളിൽ നിന്നും ബാനർജി റോഡിൽ കയറാതെ തന്നെ ഇടപ്പള്ളി മാമംഗലം ഭാഗത്തേക്ക് എത്താണ് സാധിക്കും. ഗോശ്രീ-ബോൾഗാട്ടി സമാന്തര പാലത്തിന്റെ നിർമ്മാണം നിലവിലെ ഗോശ്രീ പാലങ്ങളിലെ ഗതാഗത സമ്മർദ്ദം

കുറയ്ക്കുന്നതിനും ബോൾഗാട്ടി, മുളവുകാട്, വല്ലാർപാടം തുടങ്ങിയ മേഖലകളുടെ ഗതാഗത ബന്ധം ശക്തിപ്പെടുത്തുന്നതിനും പദ്ധതി സഹായകരമാകും.

ഗോശ്രീ-മാമംഗലം റോഡ് വികസനത്തിനും ഗോശ്രീ-ബോൾഗാട്ടി സമാന്തര പാലത്തിന്റെ നിർമ്മാണത്തിനായുള്ള ഡി.പി. ആർ തയ്യാറാക്കൽ ഉളപടെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കും1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെയുള്ള തുടർ നടപടികൾക്ക് കൂടുതൽ തുക ആവശ്യമായി വരും.

പദ്ധതി വേഗത്തിൽ മുന്നോട്ടു കൊണ്ടുപോകുന്നതിനായി എസ്റ്റിമേറ്റ്, സാങ്കേതിക റിപ്പോർട്ട് ഉൾപ്പെടെയുള്ള ആവശ്യമായ രേഖകൾ തയ്യാറാക്കി അനുമതിക്കായി സർക്കാരിന് സമർപ്പിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ടി.ജെ. വിനോദ് എം.എൽ.എ നിർദ്ദേശം നൽകി.

കൊച്ചി തുറമുഖത്തിന് ചുറ്റും നിർമ്മാണ മേഖലകൾ, സ്റ്റഫിങ് സെന്ററുകൾ, ഡ്രൈ പോർട്ട് എന്നിവ ആരംഭിക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എറണാകുളം നിയോജകമണ്ഡലത്തിന്റെ സമഗ്ര വികസനത്തിനായി വിവിധ മേഖലകളിൽ തുടർച്ചയായ ഇടപെടലുകൾ നടത്തി വരികയാണെന്നും ജനങ്ങളുടെ ആവശ്യങ്ങൾക്ക് മുൻഗണന നൽകി വികസന പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുമെന്നും ടി.ജെ. വിനോദ് എം.എൽ.എ അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# ഗ്രന്ഥശാലകൾ പുതിയ തലമുറയ്ക്ക് ആകർഷകമാകും വിധം മാറ്റിത്തീർക്കണം: മന്ത്രി വിഷ്ണുനാഥ്

**തിരുവനന്തപുരം:** ഗ്രന്ഥശാലകൾ പുതിയ തലമുറയ്ക്ക് ആകർഷകമാകും വിധം മാറ്റിത്തീർക്കണമെന്ന് സാംസ്കാരികടൂറിസം വകുപ്പ് മന്ത്രി പി. സി. വിഷ്ണുനാഥ്. വായനാദിനാചരണത്തോടനുബന്ധിച്ച് സാംസ്കാരിക വകുപ്പിന് കീഴിലുള്ള കഫേ ബുക്ക് മാർക്ക് തിരുവനന്തപുരത്ത് സംഘടിപ്പിച്ച പുസ്തക ചർച്ചയിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു മന്ത്രി.

വായിക്കുന്നവരുടെ എണ്ണം കുറയുകയല്ല, കൂടുകയാണ് ചെയ്യുന്നത്. കേരളത്തിൽ പുസ്തക പ്രസാധകരുടെയും വായനക്കാരുടെയും എണ്ണത്തിൽ വരുന്ന വർധനവ് ഇതിനു തെളിവാണ്. പുതിയ കാലത്ത് യുവതലമുറയുടെ വായനാശീലങ്ങളിൽ മാറ്റം വന്നിട്ടുണ്ട്. എഐ (അക) സാങ്കേതികവിദ്യ എല്ലാ മേഖലകളിലും കടന്നു വരുമ്പോഴും, സർഗാത്മകമായ എഴുത്തിനോ കലാപ്രവർത്തനങ്ങൾക്കോ പകരമാകാൻ അതിന് ഒരിക്കലും സാധിക്കുമെന്ന് കരുതുന്നില്ലെന്നും മന്ത്രി പറഞ്ഞു. സ്കൂൾ വിദ്യാർഥികൾക്ക് മികച്ച സിനിമകൾ പരിചയപ്പെടുത്താനും, പ്രമുഖ സിനിമാപ്രവർത്തകരുമായി സംവദിക്കാനുള്ള അവസരങ്ങൾ ഒരുക്കാനും ആവശ്യമായ കാര്യങ്ങൾ ചെയ്യുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. പി. എൻ. പണിക്കർ കേരളത്തിലെ ഗ്രാമങ്ങൾതോറും സഞ്ചരിച്ച് ഗ്രന്ഥശാലാ പ്രസ്ഥാനം കെട്ടിപ്പടുത്തത് മഹത്തായൊരു പ്രവർത്തനമായിരുന്നുവെന്ന് ചർച്ചയിൽ പങ്കെടുത്ത സാഹിത്യകാരൻ ജോർജ് ഓണക്കൂർ പറഞ്ഞു. ഗ്രന്ഥശാലകളുടെ വളർച്ചയ്ക്ക് നവോത്ഥാന പ്രസ്ഥാനവും പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ലൈബ്രറികളിൽ മികച്ച പുസ്തകങ്ങൾ ഉണ്ടെങ്കിൽ കൂടുതൽ വായനക്കാർ അവിടെയെത്തും. ഒരു പുസ്തകത്തിന്റെ വലുപ്പമല്ല അതിന്റെ മൂല്യം നിർണ്ണയിക്കുന്നത്. മനുഷ്യജീവിതത്തിന്റെ സ്പന്ദനമുള്ള എഴുത്തിലായിരിക്കും വായനക്കാർ താല്പര്യം കാണിക്കുക. അതുകൊണ്ടുതന്നെ വായനയെ ഉത്തേജിപ്പിക്കുന്ന പുസ്തകങ്ങൾ ഉണ്ടാകണം. പി. എൻ. പണിക്കരും അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്. എഴുത്തുകാർക്ക് പുരസ്കാരങ്ങൾ നൽകുമ്പോൾ ഫലകങ്ങൾക്ക് പകരം പുസ്തകങ്ങൾ സമ്മാനിക്കുന്നതാകും കൂടുതൽ ഉചിതമെന്നും ജോർജ് ഓണക്കൂർ കൂട്ടിച്ചേർത്തു. എഴുത്തുകാരായ വിനു എബ്രഹാം, സി. റഹീം, അഹമ്മദ് ഖാൻ, കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് സെക്രട്ടറി എബ്രഹാം മാത്യു തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

# വികസനം സാർവത്രികമാക്കുക ലക്ഷ്യം: മന്ത്രി ബിന്ദു കൃഷ്ണ

**കൊല്ലം:** വൈവിധ്യമാർന്ന, തദ്ദേശീയ ജനപ്രിയ പദ്ധതികളിലൂടെ എല്ലാ വിഭാഗം ജനങ്ങളിലേക്കും വികസനം എത്തിക്കുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്ന് മന്ത്രി ബിന്ദുകൃഷ്ണ. കെപ്കോ ആശ്രയ പദ്ധതിയുടെ ഭാഗമായി സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) തൃക്കരുവ പഞ്ചായത്തുമായി സഹകരിച്ച് നടപ്പിലാക്കുന്ന വിധവകൾക്കൊരു കൈത്താങ്ങ് പദ്ധതിയുടെ ഉദ്ഘാടനം തൃക്കരുവ ശ്രീ ഭദ്രകാളിദേവിക്ഷേത്ര ഓഡിറ്റോറിയത്തിൽ നിർവഹിക്കുയായിരുന്നു മന്ത്രി.

ഗ്രാമങ്ങളിലെ സ്ത്രീകളുടെ സാമ്പത്തിക സ്വയംപര്യാപ്തത ഉറപ്പാക്കാൻ വലിയതോതിൽ സബ്സിഡി നൽകുന്ന 'ക്ഷീരഗ്രാമ പദ്ധതി' ഉണ്ടാകും. ബജറ്റിൽ പ്രഖ്യാപിച്ച വിവിധ വികസനപദ്ധതികളുടെ പുരോഗതി വിലയിരുത്തി പൂർത്തീകരണം ഉറപ്പാക്കും. സാമ്പ്രാണിക്കോടി, പ്രാക്കുളം, തൃക്കരുവ പ്രദേശങ്ങളെ കോർത്തിണക്കി മുൻനിര വിനോദ സഞ്ചാരകേന്ദ്രമാക്കാനുള്ള സാധ്യതകൾ പരിശോധിക്കുകയാണെന്നും മന്ത്രി വ്യക്തമാക്കി.



തൃക്കരുവ പഞ്ചായത്തിലെ തെരഞ്ഞെടുത്ത വിധവകൾക്ക് ജീവിതോപാധിയും അധികവരുമാനവും ഉറപ്പാക്കുന്നതിനായി മുട്ടക്കോഴി കുഞ്ഞുങ്ങളെയും കോഴിത്തീറ്റയും സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതിക്കാണ് തുടക്കമായത്.

1200 ഗുണഭോക്താക്കൾക്കാണ് ആദ്യഘട്ടത്തിൽ ആനുകൂല്യം ലഭിക്കുക. ഒരാൾക്ക് 10 കോഴികളും മൂന്ന് കിലോ തീറ്റയുമാണ് വിതരണംചെയ്യുന്നത്. 70 ദിവസത്തിനുള്ളിൽ മുട്ട ലഭിക്കുംവിധമാണ് പദ്ധതിക്ക് രൂപം നൽകിയത്.

പഞ്ചായത്ത് പ്രസിഡൻറ് റോസമ്മ മാർഷൽ അധ്യക്ഷയായി. കെപ്കോ മാനേജിംഗ് ഡയറക്ടർ ഡോ.പി. സെൽവ കുമാർ പദ്ധതി വിശദീകരിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡൻറ് ലത ചന്ദ്രബാബു, ചിറ്റുമല ബ്ലോക്ക് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ പി.ആർ. അനിൽ കുമാർ, പഞ്ചായത്ത് വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശില്പ നായർ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷംന നവാസ്, ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ടി. ശ്രീകുമാർ, മറ്റ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## ഇലക്ട്രോപതി പ്രാക്ടീസ് നിരോധിച്ച ഹൈക്കോടതി ഉത്തരവ് സ്വാഗതം ചെയ്ത് ഇന്ത്യൻ ഹോമിയോപ്പതിക്ക് മെഡിക്കൽ അസോസിയേഷൻ

**എറണാകുളം:** ഇലക്ട്രോ ഹോമിയോപ്പതി ചികിത്സ സംസ്ഥാനത്ത് നിരോധിച്ച ഹൈകോടതി ഉത്തരവ് ഇന്ത്യൻ ഹോമിയോപ്പതിക്ക് മെഡിക്കൽ അസോസിയേഷൻ സ്വാഗതം ചെയ്യുന്നു. ജനങ്ങളെ തെറ്റ് ധരിപ്പിച്ച് യോഗ്യതയില്ലാത്ത അസത്രീയമായ ചികിത്സ രീതി കേരളത്തിൽ വ്യാപകമാകുന്നതിനെതിരെ സംഘടന മെഡിക്കൽ കൗൺസിലിൽ പരാതി സമർപ്പിച്ചിരുന്നു. മെഡിക്കൽ കൗൺസിൽ ഹൈക്കോടതിയിൽ നൽകിയ ഹർജിയിൽ ആണ് സുപ്രധാന ഉത്തരവുണ്ടായിട്ടുള്ളത്. ഇത്തരത്തിൽ ഉള്ള വ്യാജ ചികിത്സകൾ തടയാൻ ഈ വിധി സഹായകമാകും എന്ന് ഇന്ത്യൻ ഹോമിയോപ്പതിക്ക് മെഡിക്കൽ അസോസിയേഷൻ സംസ്ഥാന പ്രസിഡണ്ട് ഡോ. മായാറാണി സേനൻ, ജനറൽ സെക്രട്ടറി ഡോ അശോക് കുമാർ എന്നിവർ വാർത്താക്കുറിപ്പിൽ അറിയിച്ചു.



## നിയമസഭാ ലൈബ്രറി പുസ്തക പ്രദർശനം തുടങ്ങി

**തിരുവനന്തപുരം:** വായന ദിനത്തിന്റെ ഭാഗമായി നിയമസഭ ലൈബ്രറിയിൽ സംഘടിപ്പിച്ച പുസ്തക പ്രദർശനം സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ, നിയമസഭ സെക്രട്ടറി ഷാജി സി ബേബി തുടങ്ങിയവർ പങ്കെടുത്തു. ജൂൺ 24 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ നിയമസഭാ ലൈബ്രറി റഫറൻസ് ഹാളിലാണ് പുസ്തക പ്രദർശനം.

## മാംഗോ ഫെസ്റ്റിന് മറൈൻഡ്രൈവിൽ തുടക്കം

**കൊച്ചി:** രുചിയുടെ മാമ്പഴക്കാലത്തിന് കൊച്ചിയിൽ തുടക്കമായി. അഗ്രികൾച്ചറൽ പ്രമോഷണൽ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വ്യത്യസ്ത തരത്തിലുള്ള മാമ്പഴങ്ങളുടെ പ്രദർശനവിപണന മേള മറൈൻ ഡ്രൈവ് ഹെലിപ്പാഡ് ഗ്രൗണ്ടിലാണ് നടക്കുന്നത്. നടി അഞ്ജന അപ്പുക്കുട്ടൻ ഉദ്ഘാടനം ചെയ്തു.

മൽഗൊവ, ചക്കരക്കട്ടി, തോട്ടാപൂരി, ബംഗനപ്പള്ളി, കാട്ടുസുന്ദരി, നീലം, അൽഫോൻസോ, കല്ലുകട്ടി തുടങ്ങിയ പരിചിത ഇനങ്ങൾക്ക് പുറമേ കേസർ, റുമാനി, ബോംബെ ഗ്രീൻ, ഹിമസാഗർ, രാജാപുരി, ബദാമി, ഹിമയുദ്ധീൻ, ഒലോർ, സഫെധ, രാസ്പുനിയ, മല്ലിക, ഹിമാപസത്ത്, അമ്രപാലി, പൂരി, സിന്ധൂരി, നൗരാസ്, സുവർണരേഖ, അൽ ബദ്രി, ചുങ്കിരി, ഗുലാബ്ഖസ്, ലങ്ഗ്ര, രസൈൗസി, തംബൂർ, ടോമി, റ്റെലുർ മസിൻ, അൽ സുഹാന, മാതംഗി തുടങ്ങി 99 തരം മാമ്പഴങ്ങളാണ് പ്രദർശനത്തിനുള്ളത്.

മലയാളികൾക്ക് പരിചിതമല്ലാത്ത ഒട്ടേറെ മാമ്പഴ വിഭവങ്ങളും മേളയിലുണ്ട്. കേരളത്തിനകത്തും പുറത്തും വിളഞ്ഞ മാമ്പഴങ്ങൾ പ്രകൃതിദത്തമായ രീതിയിൽ പുഴുപ്പിച്ചാണ് മേളയിൽ പ്രദർശിപ്പിക്കുന്നത്.

കൺസ്യൂമർ ഫെസ്റ്റ്, ഫുഡ് ഫെസ്റ്റ്, പായസമേള, ഫർണിച്ചർ മേള, നഴ്സറി, കിഡ്സ് സോൺ എന്നിവയും മാംഗോ ഫെസ്റ്റിന്റെ ഭാഗമായുണ്ട്. 30 രൂപ മുതൽ സാധനങ്ങൾ വാങ്ങാൻ കഴിയുന്ന ഡിസ്കൗണ്ട് മേളയും ഇതോടനുബന്ധിച്ച് നടക്കുന്നു. മാമ്പഴ മേള ജൂൺ 30ന് സമാപിക്കും. ഫെസ്റ്റിന്റെ സമയം രാവിലെ 11 മുതൽ രാത്രി ഒമ്പതു വരെയാണ്. മാമ്പഴ തീറ്റ മത്സരം, ഡ്രോയിംഗ് കോംപറ്റീഷൻ, തേങ്ങ ചിരണ്ടൽ മത്സരം, കേക്ക് മേക്കിംഗ് ഷോ തുടങ്ങിയ വ്യത്യസ്തങ്ങളായ മത്സരങ്ങളും ഫെസ്റ്റിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.

സൊസൈറ്റി ടുഡേ
SOCIETY TODAY




## ചാവറ മാട്രിമണി നവീകരിച്ച തിരുവനന്തപുരം ബ്രാഞ്ച് ഉദ്ഘാടനം ചെയ്തു

**തിരുവനന്തപുരം:** ചാവറ മാട്രിമണിയുടെ നവീകരിച്ച തിരുവനന്തപുരം ബ്രാഞ്ചിന്റെ ഉദ്ഘാടനം റവ. ഡോ. വർക്കി ആറ്റുപുറത്ത് (വികാരി ജനറാൾ, മേജർ അർച്ച് ഡയോസിസ് തിരുവനന്തപുരം) നിർവഹിച്ചു.

ചടങ്ങിൽ ഷേർളി. എസ് (കൗൺസിലർ, തിരുവനന്തപുരം കോർപ്പറേഷൻ & സെക്രട്ടറി, വേൾഡ് മലയാളി കൗൺസിൽ തിരുവനന്തപുരം ചാപ്റ്റർ), ഷാജി മാത്യു (ജനറൽ സെക്രട്ടറി, വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ), പി. പദ്മകുമാർ (പ്രസിഡന്റ്, വേൾഡ് മലയാളി കൗൺസിൽ ഇന്ത്യ റീജിയൻ) എന്നിവർ പങ്കെടുത്തു.

## കെപിഎഫ് ഒളിമ്പ്യൻ ടി. അബ്ദുൽ റഹ്മാൻ എവർ റോളിംഗ് ട്രോഫി അൽ കേരളാവി എഫ്.സിക്ക്

**ബഹ്റൈൻ:** കോഴിക്കോട് ജില്ലാ പ്രവാസി ഫോറം സംഘടിപ്പിച്ച മൂന്നാമത് ഒളിമ്പ്യൻ ടി. അബ്ദുൽ റഹ്മാൻ എവർ റോളിംഗ് ട്രോഫി ഫുട്ബോൾ ടൂർണമെന്റ് 2026 അൽ കേരളാവി എഫ്. സി. ജേതാക്കളായി. സിഞ്ച് അൽ അഹലി സ്റ്റേഡിയത്തിൽ നടന്ന ടൂർണമെന്റിൽ ബഹ്റൈനിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള എട്ട് പ്രമുഖ ടീമുകൾ പങ്കെടുത്തു. പ്രാഥമിക റൗണ്ടുകളും സെമി ഫൈനൽ മത്സരങ്ങളും കടന്ന് മികച്ച പ്രകടനം കാഴ്ചവെച്ച ആവേശകരമായ ഫൈനൽ മത്സരത്തിൽ ജി.എസ്.ബി എഫ്.സി.യെ പെനാൽറ്റി ഷൂട്ടൗട്ടിലൂടെ പരാജയപ്പെടുത്തിയാണ് അൽ കേരളാവി എഫ്.സി. കിരീടം സ്വന്തമാക്കിയത്. ജി.എസ്.ബി എഫ്.സി. റണ്ണറപ്പായി.

ശ്രീ ഈസം ഈസ അൽഖയ്യാത് (ബഹ്റൈൻ ആഭ്യന്തര മന്ത്രാലയത്തിലെ നോർതേൺ ഗവർണറേറ്റ് ഹെഡ് ഓഫ് ഇൻവെസ്റ്റ്മെന്റ് ഡെവലപ്മെന്റ്) ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ വിശിഷ്ടാതിഥികളായി, നേപ്പാൾ എംബസിയിലെ തേർഡ് സെക്രട്ടറി ദീപ് രാജ് ജോഷിയും ദീപ്‌രാജും, ഐമാക് ബഹ്റൈൻ മീഡിയ സിറ്റി എം.ഡി. ശ്രീ ഫ്രാൻസിസ് കൈതാരത്ത്,ഇബ്രാഹിം കെ. കാനു വൈസ് ചെയർമാൻ ഓഫീസ് മാനേജർ പി.കെ. ജഗദീഷ് കുമാർ, ഇ.വി. രാജീവ്, എൻ.എസ്.എസ് പ്രസിഡന്റ് രാജേഷ് നമ്പ്യാർ,ഷറഫുദ്ദീൻ അലി കുഞ്ഞ് സിവിൽ ഡിഫൻസ് എന്നിവർ പങ്കെടുത്തു

വിജയികളായ അൽ കേരളാവി എഫ്.സിക്കുള്ള ഒളിമ്പ്യൻ ടി. അബ്ദുൽ റഹ്മാൻ എവർ റോളിംഗ് ട്രോഫി കോഴിക്കോട് ജില്ലാ പ്രവാസി ഫോറം പ്രസിഡന്റ് സുധീർ തിരുനിലത്തും ടൂർണമെന്റിന്റെ മുഖ്യ സ്പോൺസറായ ബസാർ ഡിസ്കൗണ്ട് സെന്റർ ഡയറക്ടർ ശ്രീ പ്രവീണും ചേർന്ന് സമ്മാനിച്ചു.

റണ്ണറപ്പായ ജി.എസ്.ബി എഫ്.സിക്കുള്ള ട്രോഫി കെപിഎഫ് ജനറൽ സെക്രട്ടറി അരുൺപ്രകാശ്,ട്രഷറർ സുജിത്ത് സോമൻ,ജീൻസ് അവന്യൂ ഡയറക്ടറും കെ.പി.എഫ് സ്പോർട്സ് വിംഗ് കൺവീനറുമായ സുധി ചാത്തോത്ത്, ചേർന്ന് വിതരണം ചെയ്തു.

ടൂർണമെന്റിലെ വ്യക്തിഗത പുരസ്കാര ജേതാക്കൾ:

മികച്ച ഗോൾകീപ്പർ: ആനന്ദ് (ജി എസ് ബി എഫ് സി),മികച്ച ഡിഫൻഡർ: ഫയാസ് (ജി എസ് ബി എഫ് സി),ടോപ്പ് സ്കോറർ: ഷഫീഖ് (മറീന എഫ്‌സി ) – 3 ഗോളുകൾ,ടൂർണമെന്റിലെ മികച്ച താരം:മനു (അൽ കേരളാവി എഫ്‌സി)

വിജയികൾക്കും റണ്ണറപ്പിനുമുള്ള ട്രോഫികൾക്കൊപ്പം വ്യക്തിഗത പുരസ്കാരങ്ങളും ചടങ്ങിൽ കെപിഎഫ് രക്ഷാധികാരി കെ ടി സലീം,യു കെ ബാലൻ സ്പോർട്സ് വിങ്ങ് കൺവീനർ സുധി ചത്തോത്ത്, ജോയിന്റ് കൺവീനർ ബിദുലേഷ് പറമ്പത്ത്,എക്സിക്യൂട്ടീവ് മെമ്പർമാർ,ലേഡീസ് വിങ്ങ് എന്നിവർ ചേർന്ന് വിതരണം ചെയ്തു. കായിക മികവും സ്പോർട്സ്മാൻ സ്പിരിറ്റും നിറഞ്ഞ മത്സരങ്ങളാണ് ടൂർണമെന്റിലുടനീളം അരങ്ങേറിയത്.

ബഹ്റൈനിലെ പ്രവാസി സമൂഹത്തിനിടയിൽ കായിക സൗഹൃദവും കൂട്ടായ്മയും ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കോഴിക്കോട് ജില്ലാ പ്രവാസി ഫോറം സംഘടിപ്പിച്ച ടൂർണമെന്റിന് മികച്ച ജനപങ്കാളിത്തവും പിന്തുണയും ലഭിച്ചു.




**വാഹനാപകടത്തിൽപ്പെട്ട് വസ്ത്രം കീറിപ്പോയ സ്കൂട്ടർയാത്രികയുടെ നഗ്നത മറയ്ക്കാൻ സ്വന്തം ഉടുമുണ്ട് ഉരിഞ്ഞ് നൽകി മാതൃകാ പ്രവർത്തനം കാഴ്ച്ചവച്ച തൃപ്പൂണിത്തുറയിലെ ചായ വിൽപ്പനക്കാരൻ എം.ആർ.ഷാജിയുടെ നന്മ പ്രവർത്തിയെ അഭിനന്ദിക്കാൻ കൂടിയ യോഗത്തിൽ എം.സി.ആർ ഗ്രൂപ്പ് ചെയർമാൻ എം.സി.റോബിൻ എം.ആർ.ഷാജിക്ക് ഒരുലക്ഷം രൂപയുടെ ചെക്ക് സമ്മാനിക്കുന്നു. അക്ഷയ് ഷാജി, മിന്നലെ നസീർ എന്നിവർ സമീപം.**

# എം.ആർ.ഷാജിയെ എം.സി.ആർ ഗ്രൂപ്പ് ആദരിച്ചു

**തൃപ്പൂണിത്തുറ:** കഴിഞ്ഞ ചൊവ്വാഴ്ച്ച (16.06.2026) ഉച്ചയ്ക്ക് തൃപ്പൂണിത്തുറ സ്റ്റാച്ച്യൂ ജംഗ്ഷനിൽ നടന്ന അകപടത്തെത്തുടർന്ന് വിവസ്ത്രയായ സ്കൂട്ടർ യാത്രികയ്ക്ക് സ്വന്തം ഉടുമുണ്ട് ഉരിഞ്ഞ് നൽകിയ ചായവിൽപ്പനക്കാരൻ എം.ആർ.ഷാജിയെയും, കുടുംബാംഗങ്ങളെയും ദക്ഷിണേന്ത്യയിലെ പ്രമുഖ വസ്ത്ര നിർമ്മാതാക്കളായ എം.സി.ആർ ഗ്രൂപ്പ് ആദരിച്ചു. തൃപ്പൂണിത്തുറ എൻ.എം.റോയൽ പാലസ് ഹോട്ടലിൽ സംഘടിപ്പിച്ച ചടങ്ങിൽ എം.സി.ആർ.ഗ്രൂപ്പ് ചെയർമാൻ എം.സി.റോബിൻ ഒരു ലക്ഷം രൂപയുടെ ചെക്ക് നൽകിയാണ് എം.ആർ.ഷാജിയെ ആദരിച്ചത്. ഓരോ ദിവസവും പലതരത്തിലുള്ള വിപത്തുകളും, അപകടങ്ങളും സമൂഹത്തിൽ സംഭവിക്കുന്ന വാർത്തകൾക്കിടയിൽ ഷാജിയെപ്പോലുള്ളവരുടെ നന്മ പ്രവർത്തികൾ മനുഷ്യത്വം മരിച്ചിട്ടില്ലെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. മനുഷ്യത്വപരവും സമയോജിതവുമായ ഇടപെടലിലൂടെ അപകടത്തിൽപ്പെട്ട സ്ത്രീയുടെ നഗ്നത മറച്ച് അവരുടെ ആത്മാഭിമാനം സംരക്ഷിച്ച ഷാജിയെ നേരിൽ കണ്ട് ആദരിക്കണമെന്ന് തന്റെ അമ്മ ഏലിയാമ്മയാണ് നിർദ്ദേശം നൽകിയതെന്ന് ചടങ്ങിൽ എം.സി.റോബിൻ പറഞ്ഞു. ഇതുപോലുള്ള അനേകം ഷാജിമാരുള്ളതാണ് കേരളത്തെ ഗോഡ്സ് ഓൺ കൺട്രിയാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. എം.ആർ.ഷാജിയുടെ അമ്മ പത്മാക്ഷി രവി,ഭാര്യ അമ്പിളി ഷാജി, മക്കളായ അതുൽ, അവന്തിക, ഷാജിയുടെ നന്മപ്രവർത്തിയെ പൊതുസമൂഹത്തിൽ എത്തിച്ച മാധ്യമ പ്രവർത്തകൻ അമൽ ജയൻ എന്നിവരെയും എം.സി.റോബിൻ അഭിനന്ദിച്ചു. ചടങ്ങിൽ ട്രൈബെറ്റ് കമ്മ്യൂണിക്കേഷൻസ് സി.ഇ.ഒ. അക്ഷയ് ഷാജി, പിന്നണി ഗായകൻ മിന്നലെ നസീർ, സംഗീത സംവിധായകൻ ബാലമുരളി എന്നിവരും പ്രസംഗിച്ചു.

# ഇലക്ട്രീഷ്യൻമാരെ പങ്കാളികളാക്കി പോളിക്യാബ് ഇന്ത്യയുടെ വിപുലമായ ആഘോഷം

**കൊച്ചി:** വയറുകളും കേബിളുകളും നിർമ്മിക്കുന്ന രാജ്യത്തെ ഒന്നാം നമ്പർ കമ്പനിയും അതിവേഗം വളരുന്ന എഫ്എംഇജി ബ്രാൻഡുമായ പോളിക്യാബ് ഇന്ത്യ ലിമിറ്റഡ് ഈ വർഷത്തെ ഇലക്ട്രീഷ്യൻമാരുടെ ദിനം വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. ഇതിൻറെ ഭാഗമായി രാജ്യത്തെ വിവിധ നഗരങ്ങളിലായി 10,000ത്തിലധികം ഇലക്ട്രീഷ്യൻമാരെയും അവരുടെ കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തി വിപുലമായ ജനസമ്പർക്ക പരിപാടികൾ കമ്പനി സംഘടിപ്പിച്ചു.



രാജ്യത്തെ ഇലക്ട്രിക്കൽ മേഖലയുടെ ജീവനാഡിയായ ഇലക്ട്രീഷ്യൻമാരുടെ കഠിനാധ്വാനത്തെയും സുരക്ഷിതമായ ജീവിതം ഉറപ്പാക്കുന്നതിൽ അവർ വഹിക്കുന്ന പങ്കിനെയും ആദരിക്കാനും സമൂഹത്തിൽ അവർക്ക് അർഹമായ അംഗീകാരവും ആദരവും നേടിക്കൊടുക്കാനുമാണ് പോളിക്യാബ് ഈ അവസരം വിനിയോഗിച്ചത്.

ദൈനംദിന ജീവിതത്തിൽ ഇലക്ട്രീഷ്യൻമാർ നൽകുന്ന സംഭാവനകളെക്കുറിച്ച് ഉപഭോക്താക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സോഷ്യൽ മീഡിയ കാമ്പ യിനും കമ്പനി സംഘടിപ്പിച്ചു. വീടുകളും ജോലിസ്ഥലങ്ങളും സുരക്ഷിതമാക്കുന്ന അവരെ 'ഇലക്ട്രിക്കൽ സേഫ്റ്റി എക്സ്പെർട്ടുകൾ' ആയി ഈ കാമ്പയിനിലൂടെ ഉയർത്തിക്കാട്ടി.

രാജ്യത്തുടനീളം 900ലധികം കേന്ദ്രങ്ങളിലാണ് പോളിക്യാബ് ഇലക്ട്രീഷ്യൻമാരുമായി നേരിട്ട് സംവദിച്ചത്. വിവിധ നഗരങ്ങളിൽ അവരുടെ കുടുംബാംഗങ്ങളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് സമ്മാൻ സമാരോഹ് ചടങ്ങുകൾ സംഘടിപ്പിച്ചു.

തൊഴിൽപരമായ ആവശ്യങ്ങൾക്കപ്പുറം ഇലക്ട്രീഷ്യൻമാരുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി അജിലസ് ഡയഗ്നോസ്റ്റിക്സുമായി' സഹകരിച്ച് പ്രതിരോധ ആരോഗ്യ പരിശോധനാ ക്യാമ്പുകൾ പോളിക്യാബ് സംഘടിപ്പിച്ചു.

കണക്ഷൻ സിന്ദഗി കാ' എന്ന തത്വത്തിലൂന്നി പ്രവർത്തിക്കുന്ന കമ്പനി കഴിഞ്ഞ വർഷം ഇലക്ട്രീഷ്യൻമാരുടെ പുരോഗതിക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കി.

രാജ്യത്തുടനീളം 2,000ലധികം ഇലക്ട്രീഷ്യൻമാരെ ആദരിക്കുകയും പുരസ്കാരങ്ങൾ നൽകുകയും ചെയ്തു. 8,000ലധികം ഇലക്ട്രീഷ്യൻമാർക്കും അവരുടെ പങ്കാളികൾക്കും സൗജന്യ മെഡിക്കൽ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കി.

ജോലിസ്ഥലങ്ങളിലെ കാര്യക്ഷമതയും സുരക്ഷിതത്വവും വർദ്ധിപ്പിക്കുന്നതിനായി പ്രൊഫഷണൽ ടൂളുകൾ വിതരണം ചെയ്തു.

# ഷവോമി ടിവി എഫ്എക്സ് മിനി എൽഇഡി സീരീസ് പുറത്തിറക്കി

**കൊച്ചി:** പുതിയ സ്മാർട്ട് ടെലിവിഷൻ ശ്രേണിയായ ഫയർ ടിവി ബിൽറ്റ് ഇൻ ഉള്‍ക്കൊള്ളുന്ന ഷവോമി ടിവി എഫ്എക്സ് മിനി എൽഇഡി സീരീസ് ഷവോമി ഇന്ത്യ പുറത്തിറക്കി. 43 ഇഞ്ച്, 55 ഇഞ്ച്, 65 ഇഞ്ച്, 75 ഇഞ്ച് സ്ക്രീൻ വലിപ്പങ്ങളിൽ ലഭ്യമായ ഈ സീരീസ്, അത്യാധുനിക ഡിസ്പ്ലേ സാങ്കേതികവിദ്യ, ആഴമേറിയ ശബ്ദാനുഭവം, ബുദ്ധിപരമായ ഫീച്ചറുകൾ, തടസമില്ലാത്ത കണ്ടന്റ് ആക്സസ് എന്നിവ സംയോജിപ്പിച്ച് കൂടുതൽ ആകർഷകമായ കാഴ്ചാനുഭവം നല്‍കുന്നതായി ഷവോമി ഇന്ത്യ ചീഫ് ബിസിനസ് ഓഫീസർ സന്ദീപ് സിംഗ് അറോറ പറഞ്ഞു.




എംഇഎംസി, ഓട്ടോ ലോ ലാറ്റൻസി മോഡ് തുടങ്ങിയ സവിശേഷതകൾ കൂടുതൽ മിനുസമാർന്ന ചലനവും കുറഞ്ഞ ലാഗും നല്‍കുന്നു. 55, 65, 75 ഇഞ്ച് മോഡലുകളിലെ ഡിഎൽജി 120 ഹെർട്സ് പിന്തുണ അനുയോജ്യമായ ഉള്ളടക്കങ്ങളിൽ കൂടുതൽ പ്രതികരണശേഷിയുള്ളതും ആഴമേറിയതുമായ അനുഭവം നല്‍കുന്നു.ഷവോമി ടിവി എഫ്എക്സ് മിനി എൽഇഡി സീരീസ് എംഐ.കോം, ആമസോൺ.ഐഎൻ, ഷവോമി റീട്ടെയിൽ സ്റ്റോറുകൾ, ഓഫ്‌ലൈൻ പങ്കാളി ഔട്ട്‌ലെറ്റുകൾ എന്നിവിടങ്ങളിൽ ലഭ്യമാണ്.

43 ഇഞ്ച്, 55 ഇഞ്ച്, 65 ഇഞ്ച് മോഡലുകൾ ഇപ്പോൾ ലഭ്യമാണ്. 75 ഇഞ്ച് മോഡൽ പിന്നീട് ലഭ്യമാക്കും. 43 ഇഞ്ച് മുതൽ 75 ഇഞ്ച് വരെ യഥാക്രമം 29,999, 39,999, 59,999, 79,999 വിലകളിൽ ലഭ്യമാണ്.



# ക്ലൗഡ് നേറ്റീവ് കൂട്ടായ്മ ഗവ. സൈബർപാർക്കിൽ നടന്നു

**കോഴിക്കോട്:** ഗവ. സൈബർപാർക്കും കാലിക്കറ്റ് ഫോറം ഫോർ ഐടിയും (കാഫിറ്റ്) സംയുക്തമായി സംഘടിപ്പിച്ച ക്ലൗഡ് നേറ്റീവ് കമ്പ്യൂട്ടിംഗ് ഫൗണ്ടേഷന്റെ (സിഎൻസിഎഫ്) ജൂൺ മാസത്തെ കൂട്ടായ്മ സൈബർപാർക്കിലെ സഹ്യ ഓഡിറ്റോറിയത്തിൽ നടന്നു. സിഎൻസിഎഫിന്റെ കോഴിക്കോട് ചാപ്റ്ററായ ക്ലൗഡ് നേറ്റീവ് കാലിക്കറ്റിന്റെ മേൽനോട്ടത്തിലാണ് പരിപാടി നടന്നത്. ക്ലൗഡ് നേറ്റീവ് സാങ്കേതികവിദ്യാ രംഗത്തെ വിവിധ സാങ്കേതിക സെഷനുകളിൽ നിരവധി പ്രൊഫഷണലുകൾ പങ്കെടുത്തു. ക്ലൗഡ് നേറ്റീവ് സാങ്കേതികവിദ്യകളിലെ തുടക്കക്കാർക്കും പരിചയസമ്പന്നർക്കും ഒരുപോലെ ഉപകാരപ്പെടുന്ന അറിവുകളാണ് സെഷനുകളിലും ചർച്ചകളിലും നടന്നത്. ലിനക്സ് ഫൗണ്ടേഷന്റെ കീഴിൽ പ്രവർത്തിക്കുന്നതും കുബർനെറ്റീസ്, പ്രൊമിത്യൂസ് തുടങ്ങിയ ഓപ്പൺ സോഴ്സ് പ്രോജക്റ്റുകളെ പിന്തുണയ്ക്കുന്നതുമായ ആഗോള സംഘടനയാണ് സിഎൻസിഎഫ്. ഇതിന്റെ ഔദ്യോഗിക പ്രാദേശിക ചാപ്റ്ററായ ക്ലൗഡ് നേറ്റീവ് കാലിക്കറ്റിൽ നിലവിൽ ഇരുന്നൂറ്റിയേഴുപതിലധികം ഐടി പ്രൊഫഷണലുകൾ അംഗങ്ങളായുണ്ട്. ഈ രംഗത്തെ വിദഗ്ദ്ധരാണ് കൂട്ടായ്മയിലെ വിവിധ ക്ലാസുകൾക്ക് നേതൃത്വം നൽകിയത്. എൻഎച്ച്66 ലാബ്സിലെ സോഫ്റ്റ്‌വെയർ വിദഗ്ധ ഫിസ്സ അൻവർ സാദത്ത്, ക്യുബേസ്റ്റിലെ സീനിയർ ഡെവോപ്സ് എഞ്ചിനീയറായ ഹരിപ്രസാദ് പി, എന്നിവർ വിവിധ വിഷയത്തിൽ ക്ലാസുകൾ നയിച്ചു. പങ്കെടുത്തവർക്കായി ചോദ്യോത്തര വേളയും സംശയനിവാരണ സെഷനും നടത്തി.

# കോഴിക്കോട്, തൃശൂർ നഗരങ്ങളിൽ സേവനം വ്യാപിപ്പിച്ച് ടോയിംഗ്

**കൊച്ചി:** കുറഞ്ഞ ചെലവിൽ ഭക്ഷണ വിതരണ സേവനം ലഭ്യമാക്കുന്ന ടോയിംഗ് ആപ്പ് കേരളത്തിൽ പ്രവർത്തനം വിപുലീകരിച്ച് കോഴിക്കോട്, തൃശൂർ നഗരങ്ങളിൽ സേവനം ആരംഭിച്ചു. നിലവിൽ രാജ്യത്തെ 49 നഗരങ്ങളിൽ സാന്നിധ്യമുള്ള ടോയിംഗ്, റെസ്റ്റോറന്റുകളിലെ മെനു വിലയ്ക്ക് തുല്യമോ അതിലും കുറഞ്ഞ വിലയിലോ ഭക്ഷണവും പാനീയങ്ങളും ലഭ്യമാക്കുമെന്ന് ഉറപ്പുനൽകുന്നു. കൂടാതെ എല്ലാ ഓർഡറുകൾക്കും പാക്കേജിങ് ചാർജും പ്ലാറ്റ്ഫോം ഫീസും ഈടാക്കുന്നില്ല. ഇരു നഗരങ്ങളിലെയും പ്രമുഖ റെസ്റ്റോറന്റുകൾ പ്ലാറ്റ്ഫോമിൽ ഇതിനകം തന്നെ ലഭ്യമാണ്. ജനറേഷൻ ദ വിഭാഗം, കോളേജ് വിദ്യാർഥികൾ, ചെലവ് കുറയ്ക്കാൻ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾ എന്നിവരെ ലക്ഷ്യമിടുന്ന ടോയിംഗ് രാജ്യവ്യാപകമായി 45 ലക്ഷത്തിലധികം ഡൗൺലോഡുകൾ സ്വന്തമാക്കിയതായി കമ്പനി അറിയിച്ചു.




# ബജറ്റിനെ സ്വാഗതം ചെയ്ത് സ്വർണ്ണ വ്യാപാരികൾ

**കൊച്ചി:**സ്വകാര്യ പങ്കാളിത്തത്തോടെ സ്വർണ്ണാഭരണ നിർമ്മാണത്തിനായി ഗ്ലോബൽ 'ഗോൾഡ് ഹബ്ബ്' സ്ഥാപിക്കുന്നതിന് 10 കോടി രൂപ വകയിരുത്തിയ മുഖ്യമന്ത്രി വി.ഡി.സതീശന്റെ കന്നി ബജറ്റിനെ സ്വാഗതം ചെയ്യുന്നതായി ഓൾ കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷൻ (എ.കെ.ജി.എസ്.എം.എ) ഭാരവാഹികൾ വാർത്താകുറിപ്പിലൂടെ അറിയിച്ചു. ഉപഭോകൃത സംസ്ഥാനമായ കേരളത്തിൽ ഇതര സംസ്ഥാനങ്ങളിൽ നിർമ്മിക്കുന്ന സ്വർണ്ണാഭരണങ്ങളാണ് കൂടുതലായും വിറ്റുവരുന്നത്. പരമ്പരാഗത തൊഴിലികൾക്ക് മികച്ച അവസരങ്ങളും നികുതി വരുമാനവർദ്ധനവും ഉണ്ടാകുന്നതിന് സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ ഗ്ലോബൽ ഗോൾഡ് ഹബ്ബ് സ്ഥാപിക്കണമെന്ന ആവശ്യം മുൻ ഇടത് സർക്കാരിന്റെ മുന്നിൽ സംഘടന അവതരിപ്പിച്ചെങ്കിലും നിഷേധാത്മക നിലപാടാണ് സ്വീകരിച്ചതെന്നും സംഘടന കുറ്റപ്പെടുത്തി. ബജറ്റിൽ പ്രഖ്യാപിച്ച ഗോൾഡ് ഹബ്ബ് പ്രാവർത്തികമാക്കാൻ നിക്ഷേപം നടത്തി പദ്ധതിയുടെ ഭാഗമാകാൻ എ.കെ.ജി.എസ്.എം.എ തയ്യാറാണെന്ന് ചെയർമാൻ ഡോ. ബി. ഗോവിന്ദൻ (ഭീമ ) പ്രസിഡന്റ് ജസ്റ്റിൻ പാലത്ര, ജനറൽ സെക്രട്ടറി കെ.എം ജലീൽ, ട്രഷറർ ബിന്ദു മാധവ് എന്നിവർ അറിയിച്ചു.

# സ്പെഷ്യൽ ഓപ്പർച്യൂണിറ്റി ഡെപ്പോസിറ്റ് അവതരിപ്പിച്ച് ഐഡിബിഐ ബാങ്ക്

**കൊച്ചി:** എൻആർഐ ഉപഭോക്താക്കൾക്കായി യുഎസ് ഡോളർ നിക്ഷേപങ്ങളിൽ കൂടുതൽ ആകർഷകമായ വരുമാനം ഉറപ്പാക്കുന്ന ഐഡിബിഐ ബാങ്ക് പുതിയ എഫ്സിഎൻആർ(ബി) സ്പെഷ്യൽ ഓപ്പർച്യൂണിറ്റി ഡെപ്പോസിറ്റ് അവതരിപ്പിച്ചു. ജൂൺ 11 മുതൽ സെപ്റ്റംബർ 30, 2026 വരെയാണ് പ്രത്യേക പലിശനിരക്കുകൾ ലഭ്യമാകുക. നിക്ഷേപിച്ച തുകയും പലിശയും പൂർണമായും തിരിച്ചുകൊണ്ടുപോകാൻ (റിപ്പാട്രിയേഷൻ) സാധിക്കുന്നതാണ് പദ്ധതിയുടെ പ്രധാന സവിശേഷത. യുഎസ് ഡോളറിൽ തന്നെ നിക്ഷേപം നിലനിർത്തുന്നതിനാൽ വിനിമയ നിരക്കിലെ ചാഞ്ചാട്ടങ്ങളിൽ നിന്ന് സംരക്ഷണവും ലഭിക്കും. നിലവിലെ ചട്ടങ്ങൾ അനുസരിച്ച് ഇന്ത്യയിൽ ലഭിക്കുന്ന പലിശയ്ക്ക് ആദായനികുതി ഇളവും ലഭ്യമാണ്. പദ്ധതിയുടെ ഏറ്റവും കുറഞ്ഞ ലോക്ക്ഇൻ കാലാവധി ഒരു വർഷമാണ്.

# അസിം പ്രേംജിയിൽ ഡെവലെപ്മെന്റ് ലീഡർഷിപ്പിൽ പിജി ഡിപ്ലോമ

**കൊച്ചി:** അസിം പ്രേംജി സർവകലാശാലയിൽ 2027ലേക്കുള്ള ഡെവലെപ്മെന്റ് ലീഡർഷിപ്പ് പിജി ഡിപ്ലോമ കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചു. 11 മാസമാണ് കാലാവധി. ഡെവലപ്മെന്റ് സെക്ടറിൽ എട്ടോ അതിൽ അധികമോ വർഷത്തെ പ്രവൃത്തി പരിചയമുള്ള, നേതൃതലത്തിൽ മധ്യതലം മുതൽ സീനിയർ തലം വരെ പ്രവർത്തിക്കുന്നവർക്ക് അപേക്ഷിക്കാം. എൻജിഒകൾ, സാമൂഹിക പ്രസ്ഥാനങ്ങൾ, ഗ്രാസ്റൂട്ട് സ്ഥാപനങ്ങൾ എന്നിവയിൽ പ്രവർത്തിക്കുന്നവർക്ക് അപേക്ഷിക്കാം.

പഠിതാക്കൾക്ക് ജോലിയിൽ തുടർന്ന് കൊണ്ട് കോഴ്സ് പൂർത്തിയാക്കാൻ സാധിക്കും. കാമ്പസ്, ഓൺലൈൻ പഠന രീതിയാണുള്ളത്.

അപേക്ഷിക്കാനുള്ള അവസാന തിയതി: 2026 ഒക്ടോബർ 11. റിട്ടൻ അസൈൻമെന്റുകളും ഇന്റർവ്യൂകളും 2026 ഒക്ടോബർ നവംബർ മാസങ്ങളിൽ നടക്കും. ക്ലാസ്സുകൾ 2027 ജനുവരി ആദ്യവാരം ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക, മൊബൈൽ: 8971889988, ഇമെയിൽ: admissions@apu.edu.in, വെബ്സൈറ്റ്: https://azimpremjiuniverstiy.edu.in/programmes/development-leadership .

# 10 ലക്ഷം പഠിതാക്കളെ എഐ വിദഗ്ധരാക്കാൻ സെയിൽസ്ഫോഴ്സ്

**കൊച്ചി:** മുൻനിര എഐ കസ്റ്റമർ റിലേഷൻഷിപ്പ് മാനേജ്മെൻറായ സെയിൽസ്ഫോഴ്സ് 2030ഓടെ രാജ്യത്ത് പത്തു ലക്ഷം പഠിതാക്കളെ എഐ കേന്ദ്രീകൃത നൈപുണ്യങ്ങളാൽ സജ്ജരാക്കുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചു.

സെയിൽസ്ഫോഴ്സ് ഇന്ത്യയുടെ സെന്റർ ഓഫ് എക്സലൻസ് പ്രവർത്തനത്തിന്റെ പത്താം വാർഷികാഘോഷങ്ങളുടെ ഭാഗമായാണ് ഈ പ്രഖ്യാപനം.

ഭാവിയിലെ തൊഴിലവസരങ്ങൾക്കായി രാജ്യത്തെ തൊഴിൽ ശേഷിയെ സജ്ജമാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യമെന്ന് സെയിൽസ്ഫോഴ്സ് സൗത്ത് ഏഷ്യ പ്രസിഡൻറും സിഇഒയുമായ അരുന്ധതി ഭട്ടാചാര്യ പറഞ്ഞു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com